**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4664** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഐ.വി.കെട്ടിൽ സ്ലൂയിസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ സ്ലൂയിസ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ സ്ലൂയിസ് നിർമ്മാണ പ്രവൃത്തിയ്ക്കായി 10/11/2023-ന് കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറിയിട്ടുള്ളതും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇതിന്റെ നിർമ്മാണോദ്ഘാടനം നടത്തിയ തീയതി എന്നാണെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക 1,46,00,000/- (സിവിൽ-1,07,60,000/- മെക്കാനിക്കൽ-38,40,000/-) രൂപയാണ്. 05/01/2024-ന് പദ്ധതിയുടെ നിർമ്മാ ണോദ്ഘാടനം നടത്തിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; സ്ലൂയിസ് നിർമ്മാണ പ്രവൃത്തി കൊണ്ട് പ്രസ്തുത പ്രദേശത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (സി) | നിലവിലെ കരാർ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 09/11/2024 ആണ്. വാടാനപ്പള്ളി പഞ്ചായത്തിലെ മുട്ടു കായൽ തോടിന് കുറുകെയുള്ള ടി സ്ലൂയിസ് നിർമ്മിക്കുന്നതിലൂടെ മുട്ടു കായലിലേയ്ക്ക് ഉപ്പ് വെള്ളം കയറുന്നത് തടയുവാനും തന്മൂലം ഏകദേശം 120 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യം ലഭ്യമാക്കുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ